**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5617** **24-03-2025 - ൽ മറുപടിയ്ക്ക്**

**പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ലാബ് ടെക്നീഷ്യൻ കോഴ്സ് (എം.എൽ.റ്റി.) പൂർത്തിയാക്കുന്നവർക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | **കേരള സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമാണ് പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നൽകുന്നത്. കേരള പാരാമെഡിക്കൽ കൗൺസിലിന്റെ വെബ് സൈറ്റിൽ ലഭ്യമായിട്ടുള്ള അപേക്ഷയുടെ മാതൃകയിൽ, അപേക്ഷകന്റെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ഉൾപ്പെടുത്തി സെക്രട്ടറി, കേരള പാരാമെഡിക്കൽ കൗൺസിലിന്റെ പേരിൽ എടുത്തിട്ടുള്ള 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകളിലെ കോഴ്സ് സർട്ടിഫിക്കറ്റിലെ ആധികാരികത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യശാസ്ത്ര സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ഉറപ്പാക്കിയതിന് ശേഷമാണ് കേരള പാരാമെഡിക്കൽ കൗൺസിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നത്. ഒപ്പു വച്ച സർട്ടിഫിക്കറ്റുകൾ പാരാമെഡിക്കൽ കൗൺസിലിന്റെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഓഫീസിൽ നിന്നും വിദ്യാർത്ഥികൾക്ക് തപാൽ മാർഗ്ഗം അയച്ചുകൊടുക്കുന്നു. വിദ്യാർത്ഥികൾക്ക് നേരിട്ടും സർട്ടിഫിക്കറ്റുകൾ പ്രസ്തുത കാര്യാലയത്തിൽ നിന്നും കൈപറ്റാവുന്നതാണ്.** |
| (ബി) | പാരാമെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനായി നൽകുന്ന അപേക്ഷകളിന്മേൽ നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൊതുവായി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ **ആധികാരികത മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യശാസ്ത്ര സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ഉറപ്പാക്കുന്നതിന് എടുക്കുന്ന കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.** |
| (സി) | യഥാസമയം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നൽകാത്തതിനാൽ പല | (സി) | പൊതുവായി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ **ആധികാരികത മെഡിക്കൽ** |

| | | | |
|---|---|---|---|
| | ഉദ്യോഗാർത്ഥികൾക്കും അവസരം നഷ്ടപ്പെടുന്ന സാഹചര്യമുള്ളതിനാൽ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; | | **വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യശാസ്ത്ര സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്നും ഉറപ്പാക്കുന്നതിന് എടുക്കുന്ന കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.** |
| (ഡി) | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 2024 വർഷത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് സർട്ടിഫിക്കറ്റ് നൽകിയെന്നും വിശദമാക്കാമോ; | (ഡി) | രജിസ്ട്രേഷൻ നടപടികൾക്കായി 2024 വർഷത്തിൽ 4017 അപേക്ഷകൾ ലഭിക്കുകയും ആയതിൽ 3320 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ആറ് മാസത്തിൽ കൂടുതൽ കാലതാമസം എടുക്കുന്നതിന് ഇടയാകുന്ന സാഹചര്യം വിശദമാക്കാമോ? | (ഇ) | വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിൽ അപാകതകൾ ഉണ്ടാകുന്ന പക്ഷം ആയവ പരിഹരിച്ച് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കേണ്ടിവരുന്ന കേസുകളിൽ മാത്രമാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കൂടുതൽ കാലതാമസം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ